**സബ്മിഷൻ**

## (1) <u>സിവിൽ സർവ്വീസ് പരിശീലന കേന്ദ്രങ്ങൾ</u>

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, സിവിൽ സർവ്വീസ് പരീക്ഷയിൽ കേരളീയരായ യുവതീയുവാക്കൾ മികച്ച വിജയം കൈവരിച്ചുകൊണ്ടിരിക്കുന്ന കാലമാണിത്. വളരെ കഴിവും പ്രാപ്തിയും ബുദ്ധിശക്തിയുമുള്ള മലയാളീയുവാക്കൾക്ക് ഈ പരീക്ഷകളിൽ മികച്ച വിജയമുണ്ടാക്കുവാൻ നല്ല പരിശീലന സൗകര്യങ്ങൾ ആവശ്യമാണ്. സ്വകാര്യ മേഖലയിൽ ചില കോച്ചിംഗ് സെന്ററുകൾ ഉണ്ടെങ്കിലും അവയൊന്നും ആവശ്യം നിറവേറ്റുവാൻ പര്യാപ്തമല്ല. ഡൽഹിയിലെ മുഖർജി നഗറിൽ നടന്നുവരുന്ന പരിശീലന കേന്ദ്രങ്ങളിലാണ് ഇവിടത്തെ കുട്ടികളും ഇപ്പോൾ സിവിൽസർവ്വീസ് സ്വപ്നങ്ങളുടെ സാക്ഷാത്കാരം തേടുന്നത്. വളരെ സാമ്പത്തിക ശേഷിയും സൗകര്യങ്ങളും ഉള്ളവർക്കുമാത്രമേ അത് സാദ്ധ്യമാവുകയുള്ളൂ. കേരളത്തിൽ ഒന്നോ രണ്ടോ സിവിൽസർവ്വീസ് പരിശീലന കേന്ദ്രങ്ങൾ സർക്കാർതന്നെ നേരിട്ടുനടത്തുവാൻ തയ്യാറായാൽ മാത്രമേ ഇതിനൊരു പരിഹാരമുണ്ടാവുകയുള്ളൂ. നല്ല രീതിയിലുള്ള പശ്ചാത്തല സൗകര്യങ്ങളും അന്താരാഷ്ട്രനിലവാരമുള്ള ഫാക്കൽറ്റികളും പരിശീലകരുമുള്ള സിവിൽ സർവ്വീസ് പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ സർക്കാർ ഉടമസ്ഥതയിൽത്തന്നെ ആരംഭിക്കേണ്ടുന്നതിന്റെ ആവശ്യകതയിലേയ്ക്ക് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അഖിലേന്ത്യാ സിവിൽ സർവ്വീസ് രംഗത്ത് കൂടുതൽ കേരളീയ പ്രാതിനിധ്യം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടുകൂടി സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് മികച്ചരീതിയിൽ തയ്യാറെടുപ്പ് നടത്തി ഉന്നതവിജയം കൈവരിക്കാൻ സഹായിക്കുന്നൊരു സ്ഥാപനം സംസ്ഥാനത്തുതന്നെ സ്ഥാപിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 2005-ൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ, കേരളയുടെ നിയന്ത്രണത്തിൽ കൊണ്ടുവന്നത്. അത് നല്ലനിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ പാലക്കാട് ഇതിന്റെയൊരു ഉപകേന്ദ്രം സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള കെട്ടിടം പണി പൂർത്തിയായി വരികയാണ്. അക്കാഡമിയുടെ പ്രവർത്തനം സംസ്ഥാനത്തിന്റെ ഉത്തരമേഖലയിൽകൂടി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി അക്കാഡമിയുടെ ഒരു പ്രാദേശിക കേന്ദ്രം കോഴിക്കോട് ജില്ലയിൽ ആരംഭിക്കാനുള്ള നടപടികളും പുരോഗമിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ കാര്യം ഈ സാഹചര്യത്തിൽ പ്രത്യേകമായി പരിഗണിച്ചിട്ടുണ്ട്.

## (2) ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, പീരുമേട് താലൂക്കിൽ ഒരപകടമോ പ്രകൃതിക്ഷോഭമോ ഫയർ സ്റ്റേഷനുമായി ബന്ധപ്പെട്ട മറ്റെന്തെങ്കിലും ആവശ്യമോ ഉണ്ടായാൽ 40 കിലോമീറ്റർ അകലെ കാഞ്ഞിരപ്പള്ളിയിൽ നിന്നോ കട്ടപ്പനയിൽ നിന്നോ ഫയർ ഫോഴ്സ് എത്തേണ്ട ഒരു സാഹചര്യമാണ് നിലവിലുള്ളത്. പലപ്പോഴും കാഞ്ഞിരപ്പള്ളിയിൽനിന്നും കട്ടപ്പനയിൽ നിന്നും ഫയർഫോഴ്സ് എത്തുമ്പോഴേയ്ക്കും ദുരന്തം അതിന്റെ പരമാവധിയിൽ എത്തിയിട്ടുണ്ടാകും. പുല്ലുമേട് ദുരന്തത്തിലും തേക്കടിയിലുണ്ടായ ദുരന്തത്തി

ലുമൊക്കെ ഇത്തരമൊരു ദുരവസ്ഥയാണ് കാണാൻ സാധിച്ചിട്ടുള്ളത്. കഴിഞ്ഞദിവസം വണ്ടിപ്പെരിയാർ പഞ്ചായത്തിലെ വാളാടിയിൽ എച്ച്.എം. എൽ. ടീ ഫാക്ടറി കത്തി എട്ട് കോടി രൂപയുടെ നഷ്ടമാണുണ്ടായത്. കഴിഞ്ഞ ഒരു വർഷക്കാലമായി ഒരു കോടി രൂപയുടെ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കിയ ഒരു കെട്ടിടം ഫയർ ആന്റ് റെസ്ക്യു വകുപ്പിന് കൈമാറിയെങ്കിലും പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്ക് ഇത്തരമൊരു സബ്മിഷൻ നൽകുന്നത്. അവിടത്തെ ജനതയുടെ വലിയൊരാവശ്യമെന്നുള്ള നിലയിൽ ഏറെ മനോവിഷമത്തോടുകൂടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അങ്ങയുടെ അടിയന്തരപരിഗണന ഇക്കാര്യത്തിലുണ്ടാകണം. അവിടെ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് ആരംഭിക്കുന്നതിന് ആവശ്യമായിട്ടുള്ള എല്ലാ സഹായങ്ങളും നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, പീരുമേട് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ തുറന്നുപ്രവർത്തിക്കുന്നതിന് 16-07-2012-ൽ ആഭ്യന്തര വകുപ്പ് അനുമതി നൽകിയത് ഇതിനാവശ്യമായ ഫണ്ട് വകയിരുത്താതെയാണ്. അതുകൊണ്ട് 2013-14 സാമ്പത്തിക വർഷം ഇതിനാവശ്യമായ ഫണ്ട് വകയിരുത്തിയതിനു ശേഷം ശുപാർശ സമർപ്പിക്കാൻ ധനകാര്യ വകുപ്പ് 19-12-2012-ൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഭരണവകുപ്പിൽനിന്നുള്ള ശുപാർശ നാളിതുവരെ ലഭ്യമായിട്ടില്ല. പുതിയ സ്റ്റേഷന് ആവശ്യമായ തസ്തികകൾ, വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവ സംബന്ധിച്ച് ആഭ്യന്തര വകുപ്പ് പരിശോധിച്ച്

ശുപാർശ നൽകുന്ന മുറയ്ക്ക് ധനകാര്യ വകുപ്പ് തുടർനടപടി സ്വീകരിക്കുന്ന താണ്. അവിടെ ഫയർ സ്റ്റേഷൻ സ്ഥാപിക്കാൻ ധനകാര്യ വകുപ്പ് തയ്യാറാണ്.

### (3) ദമ്പതികൾക്കെതിരെയുണ്ടായ ആക്രമണം

ശ്രീ. റ്റി. വി. രാജേഷ്: സർ, മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിൽ വച്ച് ദമ്പതികളായ കാക്കനാട് സ്വദേശികളായ വഹാബിനേയും റെജീനയേയും ക്രൂരമായി ആക്രമിച്ച സംഭവത്തിലെ യഥാർത്ഥ പ്രതികളെ അടിയന്തിരമായി അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള സബ്മിഷ നാണ് ഞാൻ ഉന്നയിക്കുന്നത്. മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിൽവച്ച് കാക്കനാട് സ്വദേശികളും ദമ്പതിമാരുമായ വഹാബ്, ഭാര്യ റെജീന എന്നിവരെ ക്രൂരമായി മർദ്ദിച്ച് പരിക്കേൽപ്പിച്ച സംഭവത്തിലെ മുഖ്യ പ്രതിയായ ഭാരതീയ വിചാരകേന്ദ്രത്തിലെ സംസ്ഥാന ഭാരവാഹിയായ കാബാ സുരേന്ദ്രനെ ഇതുവരേയും അറസ്റ്റുചെയ്യാൻ പോലീസ് തയ്യാറായിട്ടില്ല. തൊടു പുഴ ബസ് സ്റ്റാന്റിൽവച്ച് റെജീനയെന്ന കുടുംബിനിയെ അപമാനിച്ചതുമായി ബന്ധപ്പെട്ടുണ്ടായ വാക്കുതർക്കമാണ് സംഭവത്തിന് തുടക്കം. ഭാരതീയ വിചാ രകേന്ദ്രം ഭാരവാഹിയായ ഈ നേതാവ് ഫോണിൽ വിളിച്ചുപറഞ്ഞതിനനുസ രിച്ച് അഞ്ചംഗ ആർ.എസ്.എസ്. ക്രിമിനൽ സംഘം രണ്ട് ബൈക്കുകളിലായി മൂവാറ്റുപുഴ ബസ് സ്റ്റാന്റിൽ ഈ കെ.എസ്.ആർ.ടി.സി ബസ് കാത്തുനിൽക്കു കയും ബസ് അവിടെ എത്തിച്ചേർന്നപ്പോൾ ബസ്സിനകത്തേയ്ക്ക് ഇരച്ചുകയറി വഹാബിനേയും ഭാര്യയേയും ക്രൂരമായി ആക്രമിക്കുകയുമാണുണ്ടായത്. വഹാബിന്റെ മൂക്ക് തകർന്നു. സ്ത്രീയുടെ വസ്ത്രം കീറപ്പെട്ടു. അവർ ആഴ്ച കളോളം ആശുപത്രിയിലായിരുന്നു. വഹാബ് അടിയന്തിര ശസ്ത്രക്രിയയ്ക്ക് വിധേയനായി. എന്നിട്ടും പോലീസ് കേസ്സെടുക്കാൻ തയ്യാറായില്ല. ഡിവൈ.എ

ഫ്.ഐ.-ക്കാർ മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിലേയ്ക്ക് മാർച്ച് നടത്തിയതിനെത്തുടർന്ന് കേസ് രജിസ്റ്റർ ചെയ്തു. മൂന്നുപേരെ കസ്റ്റഡിയിലെടുത്തു. എന്നാൽ ഈ അക്രമത്തിന് നേതൃത്വം കൊടുത്ത ഭാരതീയ വിചാര കേന്ദ്രത്തിലെ നേതാവ് കാബാ സുരേന്ദ്രനെ ഇതുവരേയും അറസ്റ്റുചെയ്യാൻ പോലീസ് തയ്യാറായിട്ടില്ല. ഇദ്ദേഹം ഫോൺ ചെയ്ത് വിളിച്ചുവരുത്തിയ സംഘമാണ് ബസ് സ്റ്റാന്റിൽവച്ച് ദമ്പതികളെ ക്രൂരമായി ആക്രമിച്ചത്. ബസ്സിനുള്ളിൽ അക്രമത്തിന് സാക്ഷികളായവരിൽനിന്ന് മൊഴിയെടുക്കാനും ഇതുവരെ പോലീസ് തയ്യാറായിട്ടില്ല. മാരകായുധങ്ങൾ ഉപയോഗിച്ചാണ് ഇവർ അക്രമം നടത്തിയത്. ഇവർക്കെതിരായി വധശ്രമത്തിന് കേസ്സെടുക്കണം. ആംസ് ആക്ട് ഇതിനകത്ത് ഉൾപ്പെടുത്തണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, എറണാകുളം തെക്കേക്കര വില്ലേജിൽ കാക്കനാട് കരയിൽ പുത്തൻവീട്ടിൽ ഇസ്മായിൽ മകൻ വഹാബിനേയും മേൽപ്പടിയാന്റെ ഭാര്യ റെജീന വഹാബിനേയും 23-05-2013-ന് രാത്രി 7.45 മണിയോടെ മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിൽവച്ച് കണ്ടാലറിയാവുന്ന ആറ് പ്രതികൾ ചേർന്ന് ദേഹോപദ്രവമേൽപ്പിച്ചു. മൂക്കിന്റെ എല്ലിന് പൊട്ടലേറ്റ പരിക്കോടെ വഹാബും ദേഹോപദ്രവമേറ്റ റെജീനാ വഹാബും മൂവാറ്റുപുഴ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ചികിൽസ തേടുകയും അവിടെനിന്നും വിദഗ്ധ ചികിൽസയ്ക്കായി കോലഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ റെഫർ ചെയ്തതനുസരിച്ച് അവിടെ അഡ്മിറ്റായി ചികിൽസ നടത്തുകയും ചെയ്തു. ഇക്കാര്യത്തിന്

വഹാബിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിൽ കണ്ടാലറിയാവുന്ന ആറുപേരെ പ്രതികളാക്കി ഇന്ത്യൻ ശിക്ഷാനിയമം 143, 147, 148, 323, 326, 354, 149 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 845/2013 ആയി കേസ് രജിസ്റ്റർ ചെയ്തു. ഈ ദമ്പതികൾ തൊടുപുഴ സ്റ്റാന്റിൽനിന്നും മൂവാറ്റുപുഴയിലേയ്ക്ക് വരുന്നതിന് ബസ്സിൽ കയറവേ റെജീനാ വഹാബ് കയറുവാൻ തുടങ്ങിയ സമയം അതിനെ തള്ളിമാറ്റി ബസ്സിൽക്കയറാൻ ശ്രമിച്ച മറ്റൊരാളോട് എന്തിനാണ് തിക്കിത്തിരക്കുണ്ടാക്കി പ്രശ്നമുണ്ടാക്കുന്നതെന്ന് വഹാബ് ചോദിച്ചതാണ് വിരോധ കാരണമെന്നും ബസ് മൂവാറ്റുപുഴ സ്റ്റാന്റിലെത്തിയ സമയം അയാൾ ഫോൺ ചെയ്തതനുസരിച്ച് എത്തിയ ആളുകളും ചേർന്നാണ് തങ്ങളെ ദേഹോപദ്രവമേൽപ്പിച്ചതെന്നാണ് വഹാബ് മൊഴിയിൽ പറഞ്ഞിട്ടുള്ളത്. അന്വേഷണത്തിൽ ബസ്സിൽ കയറവേ റെജീനാ വഹാബിനെ തള്ളിമാറ്റി പ്രശ്നമുണ്ടാക്കിയ ആൾ കോട്ടയം തിരുനക്കര സ്വദേശി സുരേന്ദ്രനാണെന്നും മറ്റ് പ്രതികൾ കോട്ടയം പനച്ചിക്കാടുനിന്നും മൂവാറ്റുപുഴ വെള്ളൂർ ആർ.എസ്.എസ്. ഓഫീസ്സിൽ താമസം ഗിരീഷ്, മൂവാറ്റുപുഴ സ്വദേശി ദീപു, മുളവൂർ സ്വദേശികളായ ശ്രീജിത്ത്, കണ്ണൻ മേക്കടവ് സ്വദേശി അനീഷ് എന്നിവരാണെന്നും തിരിച്ചറിഞ്ഞു. ഇതിൽ രണ്ടാംപ്രതി ശബരീഷ്, മൂന്നാംപ്രതി ദീപു, നാലാംപ്രതി ശ്രീജിത്ത് എന്നിവരെ 25-05-2013-ാം തീയതി അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു. ഒന്നാംപ്രതി സുരേന്ദ്രൻ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെയും അഞ്ചാംപ്രതി കണ്ണനും ആറാംപ്രതി അനീഷും എറണാകുളം ജില്ലാ സെഷൻസ് കോടതി മുമ്പാകെയും ജാമ്യാപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാൽ അറസ്റ്റുചെയ്യാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഈ

കേസ്സിന്റെ അന്വേഷണം മൂവാറ്റുപുഴ പോലീസ് സബ് ഇൻസ്പെക്ടർ നടത്തി വരുന്നു.

## (4) പെൻഷൻ വിതരണത്തിലെ കാലതാമസം

ശ്രീ. കെ. മുരളീധരൻ: സർ, സർവ്വീസിൽനിന്ന് വിരമിച്ച പത്രജീവന ക്കാർക്കുള്ള പെൻഷൻ വിതരണത്തിൽ നേരിടുന്ന കാലതാമസം ശ്രദ്ധ യിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ സഭ മുമ്പാകെ അവതരിപ്പിക്കു ന്നത്. പത്രസ്ഥാപനങ്ങളിൽനിന്നും വിരമിച്ച പത്രപ്രവർത്തകർക്ക് കേരളാ ഗവൺമെന്റ് പെൻഷൻ അനുവദിച്ചിട്ടുള്ളതുപോലെതന്നെ പത്രജീവന ക്കാർക്കും സർക്കാർ പെൻഷൻ സ്കീം നടപ്പാക്കിയിട്ടുണ്ട്. എന്നാൽ പെൻഷൻ വിതരണത്തിൽ പത്രജീവനക്കാർ നേരിടുന്ന പ്രശ്നങ്ങളാണ് ഞാൻ ചുവടെ പറയുന്നത്. പത്രസ്ഥാപനങ്ങളിൽനിന്ന് വിരമിച്ചാൽ മാസ ങ്ങളും ചിലപ്പോൾ വർഷങ്ങളും കഴിഞ്ഞാണ് പത്രജീവനക്കാർക്ക് പെൻഷൻ ലഭിക്കുന്നത്. അത് ലഭിക്കുന്നത് ജീവനക്കാർ വിരമിച്ച തീയതി മുതലല്ല, മറിച്ച് സർക്കാർ തീരുമാനിക്കുന്ന തീയതി മുതലാണ്. അതുപോലെതന്നെ സർക്കാർ ആവശ്യപ്പെട്ട രേഖകളും പെൻഷൻ ഫണ്ടിലേയ്ക്ക് അംശദായം അടച്ച രേഖകളും സഹിതം ബന്ധപ്പെട്ട ജില്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ മുഖേന സംസ്ഥാന പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ ഓഫീസ്സി ലേയ്ക്കാണ് പെൻഷനുള്ള അപേക്ഷകൾ അയച്ചുകൊടുക്കുന്നത്. ഈ അപേ ക്ഷകളിൽ ഭൂരിഭാഗവും തീർപ്പ് കൽപ്പിക്കാനാകാതെ കെട്ടിക്കിടക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഇതിന് കാരണം പത്രജീവനക്കാർക്ക് പെൻഷൻ കൊടുക്കാനാവശ്യമായിട്ടുള്ള തുക പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറ ക്ടർക്ക് ധനകാര്യ വകുപ്പിൽനിന്നും അനുവദിച്ച് കൊടുക്കുന്നില്ലായെന്നുള്ള താണ് ഇതിന്റെ പ്രധാന കാരണം. പെൻഷൻ വിതരണത്തിൽ പത്രപ്രവർത്തക

രേയും പത്രജീവനക്കാരേയും രണ്ടുതട്ടിലാക്കിയിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. പത്രപ്രവർത്തകർക്കുള്ള പെൻഷൻ ഫണ്ട് അതാത് സമയം കൃത്യമായി ധനകാര്യ വകുപ്പിൽനിന്ന് പാസ്സാക്കുകയും അവർ വിരമിച്ചാൽ രണ്ടുമാസത്തിനുള്ളിൽ പെൻഷൻ ലഭിക്കുകയും ചെയ്യുന്നു. അതേസമയം പത്രജീവനക്കാർക്ക് എപ്പോഴെങ്കിലും രണ്ടോ മൂന്നോ മാസത്തെ പെൻഷൻ ഒരുമിച്ച് കൊടുക്കുകയാണ് ചെയ്യുന്നത്. ഈ പ്രവണത സാമൂഹ്യനീതിക്ക് യോജിക്കുന്നതല്ല. വിരമിച്ച മുഴുവൻ പത്രജീവനക്കാർക്കും അവർ വിരമിച്ച തീയതി മുതൽ മുൻകാലപ്രാബല്യത്തോടെ പെൻഷൻ അനുവദിക്കുന്നതിന് 2012 ഡിസംബർ വരെ ഏകദേശം ഒരു കോടി 42 ലക്ഷംരൂപ വേണ്ടിവരും. എന്നാൽ ഈ ഇനത്തിൽ സർക്കാർ കഴിഞ്ഞ വർഷം അനുവദിച്ചത് വെറും 22 ലക്ഷം രൂപ മാത്രമാണ്. നടപ്പുസാമ്പത്തിക വർഷവും ബഡ്ജറ്റ് വിഹിതം ഇത് മാത്രമേ അനുവദിച്ചിട്ടുള്ളൂ. ഇതാണ് പെൻഷൻ ലഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ പ്രധാന കാരണം. ആയതിനാൽ പത്രജീവനക്കാർക്കുള്ള പെൻഷൻ യഥാസമയം ലഭിക്കാനാവശ്യമായിട്ടുള്ള തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട കെ. മുരളീധരൻ ഉന്നയിച്ചതുപോലെ സർവ്വീസിൽനിന്ന് വിരമിച്ച നോൺജേർണലിസ്റ്റുകളുടെ പെൻഷൻ സംബന്ധിച്ച കാലതാമസം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 01-01-2000 മുതലാണ് ഈ പദ്ധതി രൂപീകരിച്ചത്. പെൻഷൻ ലഭിക്കുന്ന ഒരു നോൺജേർണലിസ്റ്റ് മരണമടഞ്ഞാൽ ആശ്രിതനായ ഒരാൾക്ക് 50 ശതമാനം ആശ്രിതപെൻഷൻ നൽകുവാൻ വ്യവസ്ഥയുണ്ട്. പക്ഷേ ചില

അപേക്ഷകൾ സംബന്ധിച്ച് നൽകുന്ന രേഖകളുടെ അപര്യാപ്തതമൂലമാണ് ജില്ലാ ഓഫീസ്സുകളിലും പ്രോസസ് ചെയ്യാൻ താമസിക്കുന്നത്. പക്ഷേ അതിലും ഗൗരവമായ വിഷയം ഇതിനാവശ്യമായ ഫണ്ട് ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല എന്നതാണ്. ഏതായാലും കുടിശ്ശിക നൽകുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിന് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് ഫണ്ട് ലഭ്യമാക്കാനും, അദ്ദേഹം പറഞ്ഞതുപോലെ ഇത് മാനുഷികമായ പ്രശ്നമാണ്. സാമൂഹ്യനീതിയുടെ പ്രശ്നമാണ്. ജേർണലിസ്റ്റുകളുടെ പെൻഷൻ സമയത്തിന് കൊടുക്കുന്നുണ്ട്. നോൺജേർണലിസ്റ്റുകൾക്കും മേലിൽ സമയത്തിന് കൊടുക്കുന്നതിന് ആവശ്യമായ ഫണ്ട് വകയിരുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

## (5) <u>മാലിന്യ നിർമ്മാർജ്ജനം</u>

<u>ശ്രീ. എം. പി. വിൻസെന്റ്</u>: സർ, ഒല്ലൂർ നിയോജകമണ്ഡലത്തിലെ എടക്കുന്നി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ മാലിന്യത്തിന്റെ ഭാഗമായി സമീപ വാസികൾ അനുഭവിക്കുന്ന ദുരിതമാണ് ഞാൻ ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. തൃശ്ശൂർ ജില്ലയിൽ ഒല്ലൂർ കേന്ദ്രീകരിച്ചുള്ള കോർപ്പറേഷന്റെ കീഴിൽ, സിഡ്കോയുടെ കീഴിൽ 1956-ലാണ് ഒല്ലൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. റേഡിയോ, മരക്കോൽ നിർമ്മാണം, ലെയ്ത്ത് വർക്ക് എന്നിവയ്ക്കുവേണ്ടിയാണ്..... പരിസ്ഥിതി മലിനീകരണമൊന്നുമില്ലാതെ വ്യവസായങ്ങൾ തുടങ്ങുന്നതിനാണ് അന്ന് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിച്ചത്. എന്നാൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഗോൾഡ് പ്ലേറ്റിംഗ്, അലുമിനിയം ആനോഡൈസിംഗ് തുടങ്ങിയ വ്യവസായങ്ങൾ ഇവിടെ അനധികൃതമായി തുടങ്ങി. ഇവിടെ ജീവന് ഏറ്റവും മാരകമായ സയ

നൈഡ്, പൊട്ടാസ്യം സയനൈഡ്, പൊട്ടാസ്യം ക്ലോറൈഡ്, നൈട്രിക് ആസിഡ് തുടങ്ങിയ രാസവസ്തുക്കളാണ് കമ്പനികൾ ഉപയോഗിക്കുന്നത്. യാതൊരു മുൻകരുതലുകളുമില്ലാതെ മാരകമായ വിഷം പുറത്തേയ്ക്ക് ഒഴുക്കിവിട്ടതിനാൽ കഴിഞ്ഞ രണ്ടുവർഷമായി എസ്റ്റേറ്റ് പരിസരത്തുള്ള എടക്കുന്നി പ്രദേശത്തെ ജനങ്ങൾക്ക് വിവിധ രോഗങ്ങൾ പിടിപെടുകയും കിണറുകളിലെ വെള്ളം വിഷമയമാകുകയും ഉപയോഗശൂന്യമാകുകയും ചെയ്തു. ഈ വ്യവസായം നടത്തുന്ന 27 കമ്പനികൾ ആ സ്ഥലത്തുണ്ട്. ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ആകെ 126 വ്യവസായ യൂണിറ്റുകളാണുള്ളത്. സിഡ്കോയുടെ ലൈസൻസ് കിട്ടിയിട്ടുള്ള സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെങ്കിലും ലൈസൻസ് കൊടുത്തിട്ടുള്ള കാര്യങ്ങൾക്കു വേണ്ടിയിട്ടല്ല ചില സ്ഥാപനങ്ങൾ പ്രവർത്തനം നടത്തുന്നത്. കൊടുക്കുന്ന ലൈസൻസ് മറ്റൊരു കാര്യത്തിനും നടത്തുന്ന പ്രവർത്തനം വേറൊരു കാര്യത്തിനുമായിട്ടാണെന്നാണ് ഇതുസംബന്ധിച്ച് വിവരാവകാശ നിയമപ്രകാരമുള്ള രേഖകളിൽ നിന്നും സമീപവാസികൾക്ക് ലഭിച്ചിട്ടുള്ള വിവരം. ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്ന അവസ്ഥ അവിടെയുണ്ട്. 1981-ലെ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ ആക്ടിന്റെയും അനുബന്ധ നിയമങ്ങളുടെയും ലംഘനമാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്. പൊല്യൂഷൻ കൺട്രോൾ ബോർഡും സിഡ്കോയും ചെറുകിട വ്യവസായ കോർപ്പറേഷനും തൃശ്ശൂർ കോർപ്പറേഷനുമൊക്കെ ഇതിനകത്ത് നിയന്ത്രണമുണ്ടെങ്കിലും അത് ഫലവത്തായരീതിയിൽ നടപ്പാക്കാൻ കഴിയുന്നില്ല. അത് വരുംദിനങ്ങളിൽ പ്രത്യക്ഷമായും ഈ പ്രദേശത്തെ എണ്ണൂറിൽപ്പരം വീടുകളിലെ താമസക്കാരുടെ വളരെ വലിയ പ്രതിഷേധ

ത്തിന് ഇടവരുത്തുകയാണ്. അതുകൊണ്ട് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒരു ഉന്നതതല സംഘം അവിടം സന്ദർശിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിച്ച് സ്ഥായിയായ ഒരു തീരുമാനം ഉണ്ടാക്കുകയും ചെയ്യണം. വ്യവസായം നിറുത്തണമെന്ന ആവശ്യമല്ല ഞാൻ ഉന്നയിക്കുന്നത്. വ്യവസായത്തിന് കൊടുക്കുന്ന ലൈസൻസ് അനുസരിച്ചല്ല അവിടെ പ്രവർത്തനം നടക്കുന്നത്. വിശദമായ പഠനം നടത്തി ഈ വിഷയത്തിന് രമ്യമായ പരിഹാരമുണ്ടാക്കണമെന്നതാണ് എന്റെ സബ്മിഷൻ.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ഒല്ലൂർ മണ്ഡലത്തിലെ എടക്കുന്നി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന 137 സ്ഥാപനങ്ങളിൽ 12 ഗോൾഡ് കവറിംഗ് യൂണിറ്റുകളും ഏഴ് അലുമിനിയം യൂണിറ്റുകളും, ഒരു സിങ്ക് ഇലക്ട്രോപ്ലേറ്റിംഗ് യൂണിറ്റുമുണ്ട്. ഇവയെല്ലാം ജലമലിനീകരണമുണ്ടാക്കുന്ന സ്ഥാപനങ്ങളാണ്. ഈ സ്ഥാപനങ്ങളിൽ മലിനജലം ശുദ്ധീകരിക്കുന്ന പ്ലാന്റ് ഇല്ലാത്തതിനാലും സമീപത്തെ കിണറുകളിലെ വെള്ളത്തിൽ അമ്ലഗുണം കൂടുതലായതിനാലും ഇവിടെ മലിനജലം ശുദ്ധീകരിക്കാനുള്ള പ്ലാന്റ് സ്ഥാപിക്കണമെന്നും ശുദ്ധീകരണപ്ലാന്റിലുണ്ടാകുന്ന ഖരമാലിന്യം എറണാകുളത്ത് അമ്പലമേട്ടിലുള്ള പൊതു ഹസാർഡസ്സ് വേസ്റ്റ് നിർമ്മാർജ്ജന സംവിധാനത്തിൽ നിർമ്മാർജ്ജനം ചെയ്യണമെന്നും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകിയിരുന്നു. തുടർന്നും പരാതിയുണ്ടായതിനാൽ പുനരുപയോഗ സംവിധാനമേർപ്പെടുത്താത്ത സ്ഥാപനങ്ങൾ താൽക്കാലികമായി അടച്ചിടാൻ ജില്ലാ

കളക്ടർ നിർദ്ദേശം നൽകി. പുനരുപയോഗ സംവിധാനമേർപ്പെടുത്താത്ത സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനായി ഒരു കമ്മിറ്റിയേയും ചുമതലപ്പെടു ത്തിയിരുന്നു. കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കിണറുകളിലെ വെള്ളത്തിന്റെ അമ്ലത കുറയ്ക്കുന്നതിനായി താല്ക്കാലിക സംവിധാനം ഇൻഡസ്ട്രിയൽ അസോസിയേഷന്റെ ചെലവിൽ നടപ്പിലാക്കണമെന്ന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ തീരുമാനമായെങ്കിലും പൗരസമിതി അനുകൂലിക്കാത്തതുകാരണം തീരുമാനം നടപ്പിലാക്കാൻ കഴിഞ്ഞില്ല. കിണർവെള്ളം മലിനപ്പെട്ട ആളുകൾക്ക് കോർപ്പറേഷൻ വഴി കുടിവെള്ളമെത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി ഫാക്ടറികളിൽ വേണ്ട പരിശോധന തുടർന്നും നടത്തുന്നതും വീഴ്ച വരുത്തുന്ന സ്ഥാപന ങ്ങൾക്കെതിരെ കർശനനടപടികൾ സ്വീകരിക്കുന്നതുമാണ്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ ഒരു ഉന്നതതലസംഘം ഈ കാര്യത്തെപ്പറ്റി പഠിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## (6) <u>പുലിമുട്ടുകൾ സ്ഥാപിക്കൽ</u>

<u>ശ്രീ. എ. എ. അസീസ്</u>: സർ, എന്റെ നിയോജകമണ്ഡലമായ ഇരവി പുരത്ത് കടൽത്തീരങ്ങളായ കാക്കത്തോപ്പ്, ചാനാകരിയം, കുളത്തിൽപ്പാട്, പള്ളിത്തോട്ടം, വേളാങ്കണ്ണി കുരിശടി, ഗാർഫിൽ, കൊച്ചുതോപ്പ് പള്ളിക്കു സമീപം, കളിയീക്കൽ കടപ്പുറം എന്നിവിടങ്ങളിൽ കടൽ കയറിയതുമൂലം റോഡ് മുറിഞ്ഞ് ഗതാഗതസൗകര്യമില്ലാതാകുകയും വൈദ്യുതി, കുടിവെള്ളം എന്നിവ നിലച്ചുപോകുകയും ചെയ്തു. പല ഭവനങ്ങളും വെള്ളത്തിനടിയിലാ കുമെന്ന ഭീഷണിയിലാണ്. തീരദേശവാസികൾ ഇതിനകം കൊട്ടിയത്ത്

നാഷണൽ ഹൈവേ 47 പിക്കറ്റ് ചെയ്ത് കളക്ടർ, തഹസീൽദാർ, ജനപ്രതിനിധികൾ എന്നിവരെ തടഞ്ഞുവയ്ക്കുകയുണ്ടായി. ഈ പ്രദേശത്ത് 32 പുലിമുട്ടുകൾ മദ്രാസ് ഐ.ഐ.ടി. വഴി പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരുന്നതാണ്. നാളിതുവരെ ഫണ്ട് അനുവദിച്ചിട്ടില്ല. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ പ്രൊപ്പോസൽ അനുസരിച്ച് നാല് പുലിമുട്ടുകൾ 2013-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ടോക്കൺ പ്രൊവിഷൻ മാത്രമേ വച്ചിട്ടുള്ളൂ. ഇക്കാര്യങ്ങളെല്ലാം തീരദേശ സമര സമിതിയും ഞാനും ചേർന്ന് ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് സെക്രട്ടറിമാരെയും മന്ത്രിമാരെയും അറിയിച്ചിട്ടുള്ളതാണ്. നാളിതുവരെ ഇതിലേയ്ക്കാവശ്യമായ ഫണ്ട് അനുവദിച്ചിട്ടില്ല. പുലിമുട്ട് സ്ഥാപിക്കുവാനും കടൽഭിത്തികൾ കെട്ടാനും ഫണ്ടനുവദിച്ച് ഈ പ്രദേശത്ത് ഭീതിയിൽ കഴിയുന്നവരെ സംരക്ഷിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. ഈ വരുന്ന 15-ന് തീരദേശ മേഖലയിൽ മനുഷ്യമതിൽ പ്രഖ്യാപിച്ചിരിക്കുകയാണ്. നിർഭാഗ്യകരമായ മറ്റൊരു സംഭവം ഇപ്പോൾ മുഖ്യമന്ത്രിയിൽ നിന്നാണ് മനസ്സിലാക്കിയത്. ഈ പ്രദേശത്ത് ഒരു ബോട്ട് മറിഞ്ഞ് ആറുപേർ വെള്ളത്തിനടിയിലാകുകയും ഒരാളെ കാണാതാകുകയും ചെയ്തതായി മുഖ്യമന്ത്രിക്ക് മെസ്സേജ് വന്നതായി മനസ്സിലാക്കുന്നു. ഇക്കാര്യങ്ങൾക്ക് പരിഹാരം കാണുന്നതിന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ആവശ്യമായ ഫണ്ടനുവദിക്കാൻ ശുപാർശ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. പി. ജെ. ജോസഫ്)</u>: സർ, കൊല്ലം ജില്ലയിലെ ഇരവിപുരം നിയോജകമണ്ഡലത്തിൽപ്പെട്ട കാക്കത്തോപ്പ്, ചാനാകരിയം, കുളത്തിൽപ്പാട്, പള്ളിത്തോപ്പ്, കുരിശടി, കൊച്ചുത്തോപ്പ് പള്ളിക്ക്

സമീപം എന്നിവിടങ്ങളിൽ കഴിഞ്ഞ ദിവസങ്ങളിലെ കടൽക്ഷോഭംമൂലം നാശനഷ്ടങ്ങളുണ്ടായതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടുതൽ നാശനഷ്ടങ്ങൾ ഒഴിവാക്കുന്നതിനായി അത്യാവശ്യമുള്ള സ്ഥലങ്ങളിൽ കരിങ്കല്ലുകൊണ്ട് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമൂലം കൂടുതൽ നാശനഷ്ടങ്ങൾ ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. നാല് പ്രവർത്തികൾക്കായി 11.92 ലക്ഷം രൂപയുടെ പ്രവർത്തികളാണ് ഏറ്റെടുക്കാൻ അനുമതി നൽകിയിട്ടുള്ളത്. ടി.ആർ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി പത്ത് പുലിമുട്ടുകൾ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് താന്നി കടപ്പുറത്ത് നേരത്തെ നിർമ്മിച്ചിട്ടുണ്ട്. ഇപ്പോഴുണ്ടായ കടൽക്ഷോഭം കണക്കിലെടുത്ത് കാക്കത്തോപ്പ് മുതൽ മുക്കം വരെയുള്ള പ്രദേശങ്ങളിൽ പുലിമുട്ട് നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കാക്കത്തോപ്പ് ഭാഗത്തുമാത്രം പുലിമുട്ട് നിർമ്മിക്കുന്നതിനായി 115 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകി പ്രവർത്തി ഏറ്റെടുക്കുന്നതാണ്.

## (7) <u>വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ</u>

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പണി പൂർത്തീകരിച്ചതോടുകൂടി മലബാറിലെ ഏറ്റവും വലിയ ജലസംഭരണകളിലൊന്നായി അത് മാറിയിരിക്കുകയാണ്. പൊന്നാനി താലൂക്കിൽ പൊതുവേയും പൊന്നാനി നഗരസഭയിലും സമീപ ഗ്രാമപഞ്ചായത്തുകളായ മാറഞ്ചേരി, വെളിയങ്കോട്, പെരുമ്പടപ്പ്, കാലടി എന്നിവിടങ്ങളിലുമെല്ലാം വരുന്ന ലക്ഷക്കണക്കിന് ആളുകൾക്ക് കുടിവെള്ള വിതരണത്തി

നായി ജലം പമ്പ് ചെയ്യുന്നത് ഭാരതപ്പുഴയിലെ നരിപ്പറമ്പ് പമ്പ്ഹൗസിൽ നിന്നാണ്. കാലപ്പഴക്കംകൊണ്ട് പമ്പ് ഹൗസിലെ കിണറിലെ ഫിൽറ്റർ സംവിധാനങ്ങൾ തകരാറിലായതുമൂലം ഈ വലിയ ജലസംഭരണയിലെ വെള്ളം നേരിട്ട് പമ്പ് ചെയ്ത് ക്ലോറിൻ കലർത്തി ജനങ്ങൾക്ക് വിതരണം ചെയ്യുകയാണ്. ചെളിയും മാലിന്യങ്ങളും നിറഞ്ഞ് കളറുള്ള ജലമാണ് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നത്. ഇതിന് പരിഹാരമായി ഒരു വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ഏറെക്കാലമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. നിരവധി തവണ സഭയിലും ഇത് ഉന്നയിച്ചതാണ്. വലിയൊരു പാലം നിർമ്മിച്ച് വലിയ ജലസംഭരണിയുണ്ടാക്കിയിട്ടും ട്രീറ്റ്മെന്റിന് സംവിധാനമില്ല. ആ പ്രൊപ്പോസൽ ഗവൺമെന്റിന്റെ മുമ്പാകെയുണ്ട്. നാളിതുവരെയായും ഇത് പരിഹരിക്കാൻ സാധിച്ചിട്ടില്ല. ജലജന്യരോഗങ്ങളും മഴക്കാലരോഗങ്ങളും പടർന്നുപിടിക്കുന്ന ഈ കാലഘട്ടത്തിൽ അടിയന്തരമായി നരിപ്പറമ്പിൽ ഒരു വാട്ടർട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, പൊന്നാനി നഗരസഭയിലെ സമീപ ഗ്രാമപഞ്ചായത്തുകളായ മാറഞ്ചേരി, വെളിയങ്കോട്, പെരുമ്പടപ്പ് എന്നിവിടങ്ങളിലേയ്ക്ക് കുടിവെള്ള വിതരണത്തിനായി ജലം പമ്പ് ചെയ്യുന്നത് ഭാരതപ്പുഴയിലെ നരിപ്പറമ്പ് പമ്പ് ഹൗസിൽ നിന്നാണ്. ഇവിടത്തെ ഇൻഫിൽട്രേഷൻ ഗ്യാലറി കാലപ്പഴക്കം ചെന്നതും അപര്യാപ്ത വുമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊന്നാനി നഗര സഭയ്ക്ക് ഒരു പുതിയ കുടിവെള്ള പദ്ധതി സ്ഥാപിക്കുന്നതിനായി 57 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് UIDSSMT-ൽ ഉൾപ്പെടുത്തി

നഗരസഭ കെ.എസ്.യു.ഡി.പി.ക്ക് സമർപ്പിച്ചിരുന്നു. ഇത് വാട്ടർ അതോറിറ്റി പരിശോധിച്ചുവരികയാണ്. കുടിവെള്ള പദ്ധതിയുടെ 26 എം.എൽ.ഡി. ശുദ്ധീകരണശാല നരിപ്പറമ്പിൽ ജല അതോറിറ്റിയുടെ കൈവശമുള്ള സ്ഥലത്താണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. അതോടൊപ്പം മാറഞ്ചേരി, വെളിയങ്കോട്, പെരുമ്പടപ്പ് എന്നീ പഞ്ചായത്തുകൾക്കായി ശുദ്ധീകരിച്ച ജലം നൽകുന്നതിനുള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(8) എഞ്ചിനീയറിംഗ് വിദ്യാഭ്യാസമേഖലയിലെ നിലവാരത്തകർച്ച**

ശ്രീമതി കെ. എസ്. സലീഖ: സർ, എഞ്ചിനീയറിംഗ് പ്രവേശന മാനദണ്ഡങ്ങളിൽ ഇളവ് വരുത്താനുള്ള മന്ത്രിസഭാ തീരുമാനം വലിയ രീതിയിലുള്ള പ്രത്യാഘാതങ്ങൾ മേഖലയിലുണ്ടാക്കും. കഴിഞ്ഞ അധ്യയന വർഷത്തിൽ 18000 എഞ്ചിനീയറിംഗ് സീറ്റുകളാണ് സംസ്ഥാനത്ത് ഒഴിഞ്ഞു കിടന്നിരുന്നത്. അത് നികത്തുന്നതിനും അടച്ചുപൂട്ടപ്പെടുന്ന സ്വാശ്രയ കോളേജുകളെ വഴിവിട്ടുസഹായിക്കുന്നതിനുമാണ് ഈ തീരുമാനം കൊണ്ടു പകരിക്കുക. ഗണിതശാസ്ത്രത്തിന് 45 ശതമാനം മാർക്ക് നേടിയാൽ മതിയെന്നുള്ള തീരുമാനമാണ് ഇപ്പോൾ എടുത്തിട്ടുള്ളത്. എഞ്ചിനീയറിംഗ് വിദ്യാഭ്യാസം നേരിടുന്ന നിലവാരത്തകർച്ചയെക്കുറിച്ചുള്ള മുറവിളികൾ നമ്മുടെ നാട്ടിൽ വലിയ രീതിയിൽ വന്നുകൊണ്ടിരിക്കുകയാണ്. മാനദണ്ഡങ്ങളിൽ ഇളവുവരുത്തുന്ന തീരുമാനവും ഈ സന്ദർഭത്തിലാണ് എടുത്തിട്ടുള്ളതെന്നത് ഏറെ ഗൗരവതരമാണ്. 2012 ജൂലൈ മാസത്തിൽ എഞ്ചിനീയറിംഗ് രംഗത്തുള്ള 21 സ്വാശ്രയ കോളേജുകൾ നിലവാരമില്ലാത്തതാണെന്ന്

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വ്യക്തമാക്കുകയുണ്ടായി. അതുമാത്രമല്ല അന്ന് ഹൈക്കോടതി ഗവൺമെന്റിനെ രൂക്ഷമായി വിമർശിക്കുകയും നിലവാരം വർദ്ധിപ്പിക്കുന്നതിനാവശ്യമായ സത്വര നടപടി കൾ സ്വീകരിക്കണമെന്ന നിർദ്ദേശം മുന്നോട്ടുവയ്ക്കുകയുമുണ്ടായി. പക്ഷേ, ഇത്തരമൊരു തീരുമാനത്തിലൂടെ നിർഭാഗ്യകരമായ ഒരു അവസ്ഥയാണു ണ്ടാകുന്നത് എന്ന അഭിപ്രായമാണുള്ളത്. എഞ്ചിനീയറിംഗ് മാനേജ്മെന്റുക ളുടെ താല്പര്യത്തിനും സമ്മർദ്ദങ്ങൾക്കും കീഴ്പെട്ടുകൊണ്ട് സർക്കാർ എടുത്തിട്ടുള്ള ഈ തീരുമാനം ഭാവിയിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. വിദ്യാഭ്യാസ വിദഗ്ദ്ധരൊക്കെ അത്തരം ആശങ്കകൾ ഉന്നയിച്ചിട്ടുണ്ട്; അത് ന്യായവുമാണ്. കേരളത്തിലെ സ്വാശ്രയ എഞ്ചിനീയ റിംഗ് കോളേജുകളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരത്തെക്കുറിച്ചും വിജയശതമാനത്തെക്കുറിച്ചുമുള്ള പൊതുസമൂഹത്തിന്റെ ആശങ്കകൾ കണക്കിലെടുക്കാതെയുള്ള ഇത്തരം തീരുമാനം അതിനുള്ള വലിയ തെളിവായിത്തന്നെ നമ്മൾ കാണേണ്ടതായിട്ടുണ്ട്. കണക്കിന് മാത്രമായി 50 ശതമാനം മാർക്ക് വേണമെന്നായിരുന്നു നിലവിലുള്ള നിബന്ധന. എഞ്ചിനീയ റിംഗ് പ്രവേശനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രോസ്പെക്ടസിലടക്കം ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഇങ്ങനെയാണെന്നിരിക്കെ, 45 ശതമാനമോ അതിനുമുകളിലോ മതിയെന്നുള്ള മന്ത്രിസഭാതീരുമാനം യഥാർത്ഥത്തിൽ ഒരു ചട്ടലംഘനമാണെന്നുള്ള അഭിപ്രായമാണുള്ളത്. മാർക്കിളവ് നൽകുന്നത് എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നാശത്തിന് ഇടയാക്കുമെന്നുള്ള ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. കെ. എം. ഇബ്രാഹിമ്മിന്റെ എതിർപ്പടക്കം മുഖവിലയ്ക്കെടു

ക്കാതെയാണ് സർക്കാർ ഇത്തരം തീരുമാനമെടുത്തതെന്ന വാർത്ത പൊതു സമൂഹത്തിന്റെ ആശങ്ക വർദ്ധിപ്പിക്കുന്നതിന് ഇടവരുത്തുകയാണ്. അതു കൊണ്ട് ഗവൺമെന്റ് എഞ്ചിനീയറിംഗ് അടിസ്ഥാന യോഗ്യതാപരീക്ഷയിൽ ഗണിതശാസ്ത്രത്തിന്റെ മാർക്കിൽ കുറവ് വരുത്തിയ തീരുമാനം വളരെ ഗൗര വമായി പുനഃപരിശോധിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ബഹുമാന പ്പെട്ട മെമ്പർ കാര്യമറിയാതെയാണ് ഈ സബ്മിഷൻ അവതരിപ്പിച്ചിരി ക്കുന്നത്. എ.ഐ.സി.റ്റി.ഇ. നിബന്ധന പ്രകാരം എഞ്ചിനീയറിംഗ് ഡിഗ്രി പ്രവേശനത്തിന് ഹയർ സെക്കന്ററി തലത്തിലെ ഗണിത ശാസ്ത്രത്തിൽ 45 ശതമാനം മാർക്ക് മതിയെന്ന് എ.ഐ.സി.റ്റി.ഇ തീരുമാനിച്ചതാണ്. ഇവിടെ നേരത്തെ 50 ശതമാനം വച്ചിരുന്നു. എഞ്ചിനീയറിംഗിന് വിദ്യാഭ്യാസ നിലവാരം വച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ കോടതി യുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ നിലവാരം കൂട്ടാൻ 50 ശതമാനം വച്ചിരുന്നു. അതിനെതിരായിട്ടുള്ള എ.ഐ.സി.റ്റി.ഇ.-യുടെ നിയമനങ്ങൾ ഉള്ളതുകൊണ്ടും മാനേജുമെന്റുകളുടെ ആവശ്യം പരിഗണിച്ചും എല്ലാംകൂടി യാണ് ഈ രീതിയിലുള്ള ഒരു തീരുമാനം വന്നത്. ആ തീരുമാനം 50 ശതമാനം മാർക്ക് ഗണിത ശാസ്ത്രം, ഭൗതിക ശാസ്ത്രം, രസതന്ത്രം അല്ലെങ്കിൽ നിർദ്ദിഷ്ട അനുബന്ധ വിഷയങ്ങൾക്കെല്ലാംകൂടി 50 ശതമാനം മാർക്ക് നേടിയിരിക്കണം എന്ന് സംസ്ഥാന സർക്കാർ നിഷ്കർഷിച്ചിട്ടുണ്ടായി രുന്നു. 30-05-2013-ലെ ജി.ഒ. (എം.എസ്.) നം. 214/13/ഉന്നത വി. പ്രകാരം ഗണിതശാസ്ത്രത്തിന് 45 ശതമാനം മാർക്ക് മാത്രമേ യോഗ്യതാ പരീക്ഷയ്ക്ക്

ആവശ്യമുള്ളൂ എന്ന് ഉത്തരവ് പുറപ്പെടുവിച്ചത് ഇതിന്റെ അടിസ്ഥാനത്തിലാണ്. ക്യാബിനറ്റിന്റെ തീരുമാനമനുസരിച്ചാണ് ഇങ്ങനെ തീരുമാനിച്ചത്. അതേസമയത്തുതന്നെ ഭൗതിക ശാസ്ത്രം, രസതന്ത്രം എന്നീ വിഷയങ്ങൾക്ക് 60 ശതമാനം നേടിയിരിക്കണമെന്നും പ്രസ്തുത ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. ആയതിനാൽ ഗണിതശാസ്ത്രത്തിന് നാലഞ്ച് ശതമാനം കുറവ് വരുത്തിയെങ്കിലും ഭൗതികശാസ്ത്രം, രസതന്ത്രം എന്നീ വിഷയങ്ങൾക്ക് അർഹത നേടുന്ന വിദ്യാർത്ഥികളുടെ നിലവാരം ഉറപ്പുവരുത്തുവാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്. പഠനത്തിൽ മിടുക്കരായ വിദ്യാർത്ഥികൾക്ക് ഗണിതശാസ്ത്രത്തിൽ മാത്രം മാർക്ക് കുറഞ്ഞു എന്ന കാരണത്താൽ എഞ്ചിനീയറിംഗ് ഉപരിപഠനം നിഷേധിക്കപ്പെടാതിരിക്കാൻ വേണ്ടിയാണ് ഇത്തരമൊരു ഉത്തരവ് പുറപ്പെടുവിച്ചത്.

## (9) ശിവദാസന്റെ കൊലപാതകം

ശ്രീ. എം. ചന്ദ്രൻ: ആലത്തൂർ നിയോജക മണ്ഡലത്തിലെ കുഴൽമന്ദം കൊടുവായൂർ റോഡിലെ ഒല്ലൂപ്പാറയിൽ വച്ച് കഴിഞ്ഞ 3-ാം തീയതി ഒഴിഞ്ഞാംപ്പറമ്പ് കാട്ടിരങ്ങാട്ടുവീട്ടിൽ വേലുണ്ണിയുടെ മകൻ ശിവദാസനെ വൈകുന്നേരം നാലുമണിക്ക് വെട്ടിനുറുക്കി കൊലപ്പെടുത്തുകയുണ്ടായി. ബൈക്കിൽ വന്ന ശിവദാസനെ കാത്തിരുന്ന കൊലയാളി സംഘം എതിർ ദിശയിൽ കാറിൽ വന്ന് ഇടിച്ചുവീഴ്ത്തുകയായിരുന്നു. ഇടിയുടെ ഫലമായി റോഡിൽനിന്നും പാടത്തേക്ക് ശിവദാസൻ മറിഞ്ഞുവീണു. ജീവൻ രക്ഷിക്കാനായി ശിവദാസൻ പാടത്തുകൂടി ഓടി. എന്നാൽ മാരകായുധങ്ങളുമായി ഓടിയ കൊലയാളി സംഘം വടിവാൾകൊണ്ട് ശിവദാസനെ വെട്ടിവീഴ്ത്തുകയായിരുന്നു. വെട്ടേറ്റ് ഒരു കയ്യും ഒരു കാലും അറ്റുതൂങ്ങിയിരുന്നു.

തലയിലും ദേഹത്തുമായി 47 വെട്ടുകൾ ഏറ്റിട്ടുണ്ട്. മരിച്ചു എന്ന് ഉറപ്പു വരുത്തിയതിനുശേഷമാണ് കൊലയാളികൾ നാട്ടുകാരെ ഭീഷണിപ്പെടുത്തി ഓടിരക്ഷപ്പെട്ടത്. കൊലപാതകത്തിന് നേതൃത്വം നൽകിയ പ്രകാശൻ രണ്ട് കൊലക്കേസ് ഉൾപ്പെടെ എട്ടുകേസുകളിൽ പ്രതിയാണ്. ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെടുത്തിയ ഇയാളെ ആറുമാസം വിയ്യൂർ സെൻട്രൽ ജയിലിൽ പാർപ്പിച്ചി ട്ടുണ്ട്. നാട്ടുകാർക്ക് സ്ഥിരം ശല്യക്കാരനായ ഇയാളെ ജനങ്ങളുടെ പരാതി കൾ അവഗണിച്ച് പോലീസ് സംരക്ഷിക്കുകയാണ് ചെയ്തുകൊണ്ടിരിക്കു ന്നത്. പ്രകാശനുൾപ്പെടെ രണ്ടുപേരെ ഈ സംഭവവുമായി അറസ്റ്റ് ചെയ്തു എന്നാണ് പത്രവാർത്തകളിൽനിന്ന് മനസ്സിലാകുന്നത്. ഇയാളുടെ സംഘത്തിൽപ്പെട്ട ആളുകളെ ഇതുവരെയും അറസ്റ്റ് ചെയ്തിട്ടില്ല. മാത്രമല്ല കൊലയാളികളെ പിടിക്കുന്നതിനുപകരം ജാമ്യം ലഭിക്കാത്ത വകുപ്പുകൾ ചേർത്ത് നാട്ടുകാരുടെ പേരിൽ കേസെടുക്കുകയാണ് ആലത്തൂർ ഡിവൈ. എസ്.പി. ശ്രീ ശങ്കരനാരായണന്റെ നേതൃത്വത്തിലുള്ള കുഴൽമന്ദം പോലീസ് ചെയ്തുകൊണ്ടിരിക്കുന്നത്. ആറ് കേസുകൾ ഇതിനകം നാട്ടുകാരുടെ പേരിൽ എടുത്തിട്ടുണ്ട്. ഇതിലെല്ലാംകൂടി 16 പ്രതികളുണ്ട്. കണ്ടാലറിയാ വുന്ന 15 പേരുടെ പേരിലും കേസ്സെടുത്തിട്ടുണ്ട്. ഈ സംഭവത്തിന്റെ ദൃക്സാക്ഷിയുടെ മൊഴിപോലും രേഖപ്പെടുത്താൻ പോലീസ് തയ്യാറായിട്ടില്ല. മാത്രമല്ല അയാളുടെ പേരിലും ജാമ്യമില്ലാ വകുപ്പ് അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്ത് കൊലയാളികളെ രക്ഷിക്കാനുള്ള ശ്രമമാണ് പോലീസ് ഇപ്പോൾ അനുവർത്തിച്ചുകൊണ്ടിരിക്കുന്നത്. കൊലയാളികളെ രക്ഷപ്പെടുത്തി വാഹനത്തിൽ കൊണ്ടുപോയ വക്കീലിനെ വിളിച്ച് പോലീസ് ഇതുവരെ ചോദ്യം ചെയ്യുകയോ വാഹനം കസ്റ്റഡിയിൽ എടുക്കുകയോ ചെയ്തിട്ടില്ല.

ആയതുകൊണ്ട് ആലത്തൂർ ഡിവൈ.എസ്.പി. ശ്രീ. ശങ്കരനാരായണന് ഈ അന്വേഷണത്തിന്റെ നേതൃത്വത്തിൽനിന്ന് മാറ്റിനിർത്തി സത്യസന്ധനായ ഒരു പോലീസ് ഉദ്യോഗസ്ഥനെ അന്വേഷണച്ചുമതല ഏൽപ്പിച്ച് കൊലയാളികളെ കണ്ടെത്തണമെന്നും ശിക്ഷിക്കണമെന്നും ഞാൻ ഈ സബ്മിഷനിലൂടെ അങ്ങയോട് അഭ്യർത്ഥിക്കുയാണ്. അതുപോലെ നാട്ടുകാരുടെ പേരിൽ ഇതിനകം എടുത്തിട്ടുള്ള എല്ലാ കള്ളക്കേസുകളും അന്വേഷിച്ച് റദ്ദാക്കണ മെന്നും ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുനുസരിച്ചുതന്നെ രണ്ട് സംഘത്തിന്റെ പ്രവർത്തനത്തിന്റെ ഫല മാണ് എന്നുള്ളതാണ് ഞാനും മനസ്സിലാക്കുന്നത്. ശിവദാസനും ഒന്നാം പ്രതി യായ പ്രകാശും തമ്മിലുള്ള വസ്തുസംബന്ധമായ തർക്കവും ഇരുവരും അംഗങ്ങളായ കുടുംബക്ഷേത്രത്തിൽ നടന്ന വഴിപാടിന്റെ സമയത്തെച്ചൊല്ലി യുള്ള തർക്കവും കൊലപാതകത്തിലേക്ക് നയിച്ച കാരണമെന്ന് പ്രാഥമികമാ യിട്ടുള്ള വിവരം ലഭിക്കുകയുണ്ടായി. ഈ സംഭവത്തിൽ 5-6-2013 പുലർച്ചെ പാലക്കാട് ടൗൺ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിൽനിന്നും രണ്ട് പ്രതികളെയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി. ഇരുവരും റിമാന്റിലാണ്. സംഭവസ്ഥലത്തുനിന്നൊരു നാടൻ നിർമ്മിത റിവോൾവറും രണ്ട് തിരകളും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടെങ്കിലും പ്രതികൾ സഞ്ചരിച്ചിരുന്ന സീലോ കാർ തീ കത്തി നശിച്ച നിലയിൽ സംഭവസ്ഥലത്ത് കാണപ്പെടുകയും ചെയ്തു. ഈ കാർ തീ ഇട്ടതാരെന്നും റിവോൾവറിലുള്ള തിരകൾ ആരുടെ പക്കൽ ഉള്ളതാണെന്നും ഇപ്പോഴും അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

അങ്ങ് ഇവിടെ സൂചിപ്പിച്ചതനുസരിച്ച് ഇൻവെസ്റ്റിഗേഷനിൽ എന്തെങ്കിലും തകരാർ ഉണ്ടായിട്ടുണ്ടോ എന്നു പരിശോധിക്കും. മാത്രമല്ല ഈ കാര്യത്തെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതിനുവേണ്ടി പാലക്കാട് ജില്ലാ സൂപ്രണ്ടിനെ ചുമതലപ്പെടുത്തുന്നു.

(മേശപ്പുറത്തു വയ്ക്കുന്ന കടലാസുകൾ)